REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 23-05-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്രമോദി 19-ാമത് റോസ്ഗർ മേളയിൽ 51,000-ലേറെ ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവുകൾ കൈമാറി.**
- **സംസ്ഥാനത്തെ പൊലീസ് മേധാവികളുടെ യോഗം തിരുവനന്തപുരത്ത് തുടങ്ങി.**
- **KSRTC ബസുകളിൽ സ്ത്രീകളുടെ സൗജന്യ യാത്ര സംബന്ധിച്ച കാര്യങ്ങൾക്ക് അടുത്ത മന്ത്രിസഭാ യോഗത്തിൽ അന്തിമരൂപം നൽകുമെന്ന് മന്ത്രി CP ജോൺ.**
- **സംസ്ഥാനത്ത് വരും ദിവസങ്ങളിലും മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.**
- **IPL ക്രിക്കറ്റിൽ വൈകീട്ട് ലഖ്നൗ സൂപ്പർ ജയന്റ്സ്, പഞ്ചാബ് കിംഗ്സിനെ നേരിടും.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദി 19-ാമത് റോസ്ഗർ മേളയിൽ 51,000-ലേറെ ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവുകൾ കൈമാറി. ഗവൺമെന്റ് വകുപ്പുകളിലും, സ്ഥാപനങ്ങളിലും നിയമനം ലഭിച്ചവരെ അദ്ദേഹം വിഡിയോ കോൺഫെറൻസിലൂടെ അഭിസംബോധനയും ചെയ്തു.

രാജ്യത്തെ 47 കേന്ദ്രങ്ങളിലാണ് റോസ്ഗർ മേള സംഘടിപ്പിച്ചത്. റെയിൽവെ - ആഭ്യന്തര - ആരോഗ്യ കുടുംബ ക്ഷേമ - ഉന്നത വിദ്യാഭ്യാസ മന്ത്രാലയങ്ങളിലും വകുപ്പുകളിലും നിയമനം ലഭിച്ചവർക്ക് സംസ്ഥാനങ്ങളിൽ കേന്ദ്രമന്ത്രിമാർ ഉത്തരവ് കൈമാറി.

പാലക്കാട്ടെ റോസ്ഗർ മേളയിൽ റെയിൽവേയിലെ ഏഴു പേരടക്കം 137 പേർക്ക് നിയമന ഉത്തരവ് നൽകി. കേന്ദ്രമന്ത്രി HD കുമാരസ്വാമി മുഖ്യാതിഥിയായിരുന്നു. ചടങ്ങിൽ പ്രധാനമന്ത്രി ഉദ്യോഗാർഥികളെ ഓൺലൈനിൽ അഭിസംബോധന ചെയ്തു.

'യുവശക്തിയെ' 'രാഷ്ട്രശക്തി'യാക്കി മാറ്റാനാണ് പ്രധാനമന്ത്രി നരേന്ദ്രമോദി തുടങ്ങിവെച്ച റോസ്ഗർ മേളകൾ ലക്ഷ്യമിടുന്നതെന്ന് കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി തിരുവനന്തപുരത്ത് പറഞ്ഞു. യുവജനങ്ങൾ ഊർജ്ജം, രാഷ്ട്ര നിർമ്മാണത്തിന് വിനിയോഗിക്കാനും 'വികസിത് ഭാരത്' എന്ന ദർശനം സാക്ഷാത്കരിക്കാനും സുരേഷ് ഗോപി ആഹ്വാനം ചെയ്തു.

✪✪✪

ഇന്ത്യക്കും സൈപ്രസിനുമിടയിൽ സഹകരണത്തിന് അപാര സാധ്യതകളുണ്ടെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു പറഞ്ഞു. സെമി കണ്ടക്ടർ, ബഹിരാകാശം, നിർമ്മിത ബുദ്ധി തുടങ്ങിയ മേഖലകളിൽ ഇതിന് അവസരങ്ങൾ ഉണ്ടെന്നും രാഷ്ട്രപതി പറഞ്ഞു. സൈപ്രസ് പ്രസിഡന്റ് നിക്കോസ് ക്രിസ്റ്റോ ഡൗലിഡ്സിന് നൽകിയ വിരുന്നിന് ശേഷം സംസാരിക്കുകയായിരുന്നു ദ്രൗപദി മുർമു.

✪✪✪

കഴിഞ്ഞ സാമ്പത്തിക വർഷത്തെ ഡിവിഡൻഡായി കേന്ദ്ര ഗവൺമെന്റിന് രണ്ട് ലക്ഷത്തി 86,000 കോടി രൂപ കൈമാറാൻ റിസർവ് ബാങ്ക് ഡയറക്ടർ ബോർഡ് യോഗം അംഗീകാരം നൽകി. ഇന്നലെ മുംബൈയിൽ RBI ഗവർണർ സഞ്ജയ് മൽഹോത്രയുടെ അധ്യക്ഷതയിൽ ചേർന്ന ഡയറക്ടർമാരുടെ 623-ാമത് യോഗത്തിലാണ് തീരുമാനം.

✪✪✪

ഇന്ത്യൻ റവന്യൂ സർവീസ് ഓഫീസർമാരുടെ 76-ാമത് ബാച്ചിന്റെ പാസിംഗ് ഔട്ട് പരേഡ് ആന്ധ്രാപ്രദേശിലെ കസ്റ്റംസ് പരോക്ഷ നികുതി ദേശീയ അക്കാദമിയിൽ സംഘടിപ്പിച്ചു. കേന്ദ്രമന്ത്രി പങ്കജ് ചൗധരി ചടങ്ങിൽ മുഖ്യാതിഥിയായിരുന്നു. ഉദ്യോഗസ്ഥരിൽ നിന്ന് ഗാർഡ് ഓഫ് ഓണർ സ്വീകരിച്ച കേന്ദ്രമന്ത്രി, പ്രത്യേക വാഹനത്തിൽ പാസിംഗ് ഔട്ട് പരേഡും വീക്ഷിച്ചു. രാജ്യത്തിന്റെ വികസനവും, യുവാക്കളുടെ ക്ഷേമവും ലക്ഷ്യമിട്ട് നിരവധി പദ്ധതികൾ നരേന്ദ്രമോദി ഗവണ്മെന്റ് ആവിഷ്ക്കരിച്ചതായി പങ്കജ് ചൗധരി പറഞ്ഞു.

✪✪✪

ഈ വർഷത്തെ NEET-UG പരീക്ഷ റദ്ദാക്കിയ സാഹചര്യത്തിൽ പരീക്ഷാ ഫീസ് വിദ്യാർത്ഥികൾക്ക് തിരിച്ചു നല്കാൻ നാഷണൽ ടെസ്റ്റിംഗ് ഏജൻസി നടപടി ആരംഭിച്ചു. പരീക്ഷാ ഫീസ് തിരിച്ചു കിട്ടാൻ വിദ്യാർഥികൾ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ NTA യുടെ ഔദ്യോഗിക വെബ്സൈറ്റിൽ നൽകണം.

✪✪✪

പെട്രോളിയം കമ്പനികൾ രാജ്യത്തെ ഇന്ധനവില വർധിപ്പിച്ചു. പെട്രോളിനും ഡീസലിനും ലിറ്ററിന് 91 പൈസ വരെ കൂടി. 10 ദിവസത്തിനകം മൂന്നാം തവണയാണ് ഇന്ധനവില കൂട്ടുന്നത്.

✪✪✪

രാജ്യത്ത് ആവശ്യത്തിന് പെട്രോൾ, ഡീസൽ ലഭ്യതയുണ്ടെന്നും വിതരണം സുസ്ഥിരമാണെന്നും പെട്രോളിയം, പ്രകൃതി വാതക മന്ത്രാലയം അറിയിച്ചു. പരിഭ്രാന്തി ഒഴിവാക്കി യഥാർത്ഥ ആവശ്യത്തിനു മാത്രം ഇന്ധനം വാങ്ങണമെന്ന് മന്ത്രാലയം സാമൂഹിക മാധ്യമത്തിൽ ആവശ്യപ്പെട്ടു.

✪✪✪

CBSE പന്ത്രണ്ടാം ക്ലാസ് പരീക്ഷയുടെ ഉത്തരക്കടലാസ് സ്കാൻ പകർപ്പ് ലഭിക്കാൻ അപേക്ഷിക്കാവുന്ന സമയപരിധി നാളെ വരെ നീട്ടി. നേരത്തെ ഇന്നുവരെയായിരുന്നു അവസരം. CBSE വെബ്സൈറ്റിലെ തിരക്കും സാങ്കേതിക പ്രശ്നങ്ങളും പരിഗണിച്ചാണ് തീരുമാനം.

✪✪✪

തപാൽ വകുപ്പും ഫ്ലിപ്കാർട്ടും പാഴ്സൽ വിതരണ കരാറിൽ ഒപ്പുവച്ചു. രാജ്യത്തുടനീളം കാര്യക്ഷമവും വിശ്വസനീയവും ഉപഭോക്തൃ കേന്ദ്രീകൃതവുമായ പാഴ്സൽ വിതരണം ഉറപ്പാക്കുകയാണ് ലക്ഷ്യമെന്ന് കമ്മ്യൂണിക്കേഷൻ മന്ത്രാലയം അറിയിച്ചു.

✪✪✪

സംസ്ഥാനത്തെ പൊലീസ് മേധാവികളുടെ യോഗം തിരുവനന്തപുരത്ത് പൊലീസ് ആസ്ഥാനത്ത് തുടങ്ങി. ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തലയാണ് യോഗത്തിൽ അധ്യക്ഷൻ. അദ്ദേഹം ആഭ്യന്തര വകുപ്പിന്റെ ചുമതലയേറ്റ ശേഷം ചേരുന്ന ആദ്യ യോഗമാണിത്. ക്രമസമാധാനം, ലഹരിവ്യാപനം, ഗുണ്ടാവിളയാട്ടം തുടങ്ങിയ വിഷയങ്ങളുൾപ്പെടെ യോഗം ചർച്ച ചെയ്തേക്കുമെന്നാണ് റിപ്പോർട്ട്.

✪✪✪

മുഖ്യമന്ത്രി VD സതീശൻ, സോണിയാ ഗാന്ധി ഉൾപ്പെടെ ദേശീയ നേതാക്കളുമായി ഇന്ന് ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തും. മുഖ്യമന്ത്രിയായ ശേഷം സതീശന്റെ ആദ്യ ഡൽഹി യാത്രയാണിത്. പാർട്ടി അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെ, ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽഗാന്ധി, പ്രിയങ്കാഗാന്ധി MP തുടങ്ങിയവരെ കാണുന്ന മുഖ്യമന്ത്രി രാത്രി കൊച്ചിയിൽ തിരിച്ചെത്തും.

✪✪✪

അടുത്ത മന്ത്രിസഭാ യോഗത്തിൽ സ്ത്രീകളുടെ സൗജന്യ യാത്ര സംബന്ധിച്ച കാര്യങ്ങൾക്ക് അന്തിമരൂപം നൽകുമെന്ന് മന്ത്രി CP ജോൺ വ്യക്തമാക്കി. സൗജന്യ യാത്ര തൊഴിലിടങ്ങളിലേക്ക് പോകുന്ന സ്ത്രീകൾക്ക് സഹായകമാകുമെന്നും CP ജോൺ അഭിപ്രായപ്പെട്ടു.

KSRTC യെ സംസ്ഥാന ഗവണ്മെന്റ് അധിക സാമ്പത്തിക സഹായം നൽകി പ്രതിസന്ധി പരിഹരിച്ച് ലാഭത്തിലെത്തിക്കാനാണ് ലക്ഷ്യമിടുന്നതെന്ന് മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു.

✪✪✪

ന്യൂഡൽഹിയിൽ ഇന്നലെ ആരംഭിച്ച മൂന്ന് ദിവസത്തെ CPIM കേന്ദ്ര കമ്മിറ്റിയോഗം ഇന്നും തുടരും. കേരളത്തിലെ നിയമസഭാ തിരഞ്ഞെടുപ്പു ഫലം പുറത്തുവന്ന ശേഷം ചേരുന്ന ആദ്യ യോഗത്തിൽ സംസ്ഥാനത്തെ കനത്ത തോൽവിയിൽ വിശദമായ ചർച്ച നടത്തും.

✪✪✪

സംസ്ഥാനത്ത് വരും ദിവസങ്ങളിലും മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്ന് അഞ്ച് ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകി. ആലപ്പുഴ, എറണാകുളം, തൃശൂർ, കോഴിക്കോട്, കണ്ണൂർ ജില്ലകളിലാണ് ജാഗ്രതാ നിർദേശം.

കേരള - ലക്ഷദ്വീപ് തീരങ്ങളിൽ 60 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

✪✪✪

വൈദ്യുതി, പാർലമെന്ററി കാര്യമന്ത്രിയായി ചുമതലയേറ്റ സണ്ണി ജോസഫിന് കണ്ണൂർ DCC ഓഫീസിൽ സ്വീകരണം നൽകി. മന്ത്രിയെ നേതാക്കൾ ഷാൾ അണിയിച്ചു.

✪✪✪

മന്ത്രിയായി ചുമതലയേറ്റ ശേഷം കോഴിക്കോട്ടെത്തിയ T.സിദ്ദീഖിന് DCC യുടെ നേതൃത്വത്തിൽ സ്വീകരണം നൽകി. ഡിസിസി ഓഡിറ്റോറിയത്തിലെ സ്വീകരണ യോഗത്തിലും മന്ത്രി പങ്കെടുത്തു.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് ലഖ്നൗ സൂപ്പർ ജയന്റ്സ്, പഞ്ചാബ് കിംഗ്സിനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് ലഖ്നൗവിലാണ് മത്സരം.

✪✪✪

തൃശൂർ ജില്ലയിലെ മാരാങ്കോട്, രണ്ടു കൈ ഉന്നതികളിൽ ജില്ലാ കളക്ടർ സന്ദർശനം നടത്തി. ചാലക്കുടി താലൂക്കിലെ മണ്ണിടിച്ചിൽ, ഉരുൾപ്പൊട്ടൽ ഭീഷണി നേരിടുന്ന അരേക്കാപ്പ്, വീരാങ്കുടി ഉന്നതികളിലുള്ളവരെ മാറ്റിപ്പാർപ്പിച്ച സ്ഥലത്തെത്തിയാണ് ജില്ലാ കളക്ടർ ശിഖ സുരേന്ദ്രൻ ജനങ്ങളെ നേരിട്ടുകണ്ടു കാര്യങ്ങൾ ചോദിച്ചറിഞ്ഞത്.

തൃശൂരിൽ നിന്ന് ഭരിത പ്രതാപ്.

....(വോയ്സ്)...............

✪✪✪

തൃശൂരിൽ ഉത്സവത്തിന് എത്തിച്ച ശിവംലക്ഷ്മി അയ്യപ്പൻ എന്ന ആന ഇടഞ്ഞ് നിരവധി വാഹനങ്ങളും, മതിലുകളും തകർത്തു. ചെമ്പൂക്കാവ് ടൗൺഹാളിന് മുന്നിൽ ഇടഞ്ഞ ആന രണ്ട് കിലോമീറ്ററോളം ഓടി ചേറൂർ ഗാന്ധിനഗറിലെത്തി.

പൊലീസും പാപ്പാൻമാരും, എലിഫന്റ് സ്ക്വാഡും, വനം വകുപ്പും ചേർന്ന് ആനയെ തളച്ചു.

✪✪✪

കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഈ മാസം 25 വരെ ഭാഗിക വൈദ്യുതി തടസ്സം ഉണ്ടായേക്കുമെന്ന് KSEB അറിയിച്ചു.

പവർഗ്രിഡ് കോർപ്പറേഷന്റെ കോഴിക്കോട് 400 KV സബ്സ്റ്റേഷനിലെ ട്രാൻസ്ഫോർമറിന്റെ തകരാർ പരിഹരിക്കുന്ന സാഹചര്യത്തിലാണ് വൈദ്യുതി തടസ്സമെന്ന് അറിയിപ്പിൽ പറയുന്നു.

✪✪✪

വയനാട്ടിൽ  ജനവാസ മേഖലയിൽ കടുവയിറങ്ങിയതിനെ തുടർന്ന് മീനങ്ങാടി ഒരപ്പുവയലിൽ വനം വകുപ്പ് കൂട് സ്ഥാപിച്ചു. കടുവ കൂടുതൽ തവണ എത്തിയ പ്രദേശത്താണ് കൂട് ഒരുക്കിയത്.

വയനാട്ടിൽ നിന്ന് അരുൺവിൻസെന്റ്..

.....(വോയ്സ്)..........

✪✪✪

മൂന്നാർ ടോപ് സ്റ്റേഷനിൽ വിനോദ സഞ്ചാരികളെ ആക്രമിച്ച സംഭവത്തിൽ മൂന്ന് പേർക്കെതിരെ ജാമ്യമില്ലാ കുറ്റം ചുമത്തി പൊലീസ് FIR തയ്യാറാക്കി. വഴിയോര കടകൾക്ക് മുമ്പിൽ ടൂറിസ്റ്റ് ബസ് നിർത്തിയെന്നാരോപിച്ചാണ് സഞ്ചാരികളെ സംഘം ചേർന്ന് മർദ്ദിച്ചത്.

ടോപ് സ്റ്റേഷനിൽ വിനോദസഞ്ചാരികൾക്ക് നേരെയുണ്ടായ ആക്രമണത്തിൽ വിശദമായ അന്വേഷണം നടത്തുമെന്ന് മന്ത്രി PC വിഷ്ണുനാഥ് പറഞ്ഞു. ഇത്തരം പ്രശ്നങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടികൾക്കായി മൂന്നാറിൽ നേരിട്ടെത്തി യോഗം വിളിക്കും. തമിഴ്നാട് ഗവണ്മെന്റിന്റെ സഹകരണത്തോടെ മൂന്നാറിൽ ക്രമസമാധാനം ഉറപ്പാക്കുമെന്നും PC വിഷ്ണുനാഥ് പറഞ്ഞു.

✪✪✪

ദേശീയപാത 85-ന്റെ ഭാഗമായ നേര്യമംഗലം വനമേഖലയിലെ നിർമ്മാണ പ്രതിസന്ധിക്ക് അടിയന്തര പരിഹാരം കാണണമെന്ന ആവശ്യം ശക്തമായി. UDF  അധികാരത്തിലെത്തിയാൽ ഈ പ്രശ്നം പരിഹരിക്കുമെന്ന് നേതാക്കൾ മുൻപ് ഉറപ്പുനൽകിയിരുന്നു.

✪✪✪

സ്വർണ വില കുറഞ്ഞു. പവന് 320 രൂപ താഴ്ന്ന് ഒരു ലക്ഷത്തി 16,640 രൂപയിലെത്തി. 14,580 രൂപയാണ് ഗ്രാമിന് ഇന്നത്തെ വില.

✪✪✪

കേരള സംസ്ഥാന വിഷു ബമ്പർ ഭാഗ്യക്കുറി ഇന്ന് നറുക്കെടുക്കും. ഉച്ചയ്ക്ക് രണ്ടിനാണ് നറുക്കെടുപ്പ്. അച്ചടിച്ച 45 ലക്ഷം ടിക്കറ്റുകളും വിറ്റഴിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലാണ് ഏറ്റവും കൂടുതൽ വില്പന.

✪✪✪

ന്യൂഡൽഹിയിലെ ഇന്ദിരാഗാന്ധി വിമാനത്താവളത്തിൽ കസ്റ്റംസ് 48 കോടി രൂപ വില വരുന്ന കഞ്ചാവ് വിത്തുകൾ പിടിച്ചെടുത്തു. രണ്ടു തായ് പൗരന്മാരെ പൊലീസ് കസ്റ്റഡിയിലെടുത്തു.

✪✪✪

---

*News Editor :* വി കെ സുരേഷ്
*News Reader:* മണികണ്ഠൻ
*News Team:* അനിൽ ചന്ദ്രൻ, അനുഷ ആത്മപ്രകാശ്,
*DEO:* ഷീബ